**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **28-06-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി വാഹനത്തിന്റെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ വൈദ്യുതി മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗവും വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥനുമായ സുരേഷ് കുമാർ കെ.എസ് .ഇ .ബി. വാഹനം ദുരുപയോഗം ചെയ്തു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. കെ.എസ്.ഇ.ബി. വിജിലൻസ് വിഭാഗം അന്വേഷണം നടത്തി തുടർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) | പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | വാഹന ദുരുപയോഗം നടത്തിയതായും 6,72,560/- രൂപ ബോർഡിന് നഷ്ടമുള്ളതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഉദ്യോഗസ്ഥൻ തടസ്സവാദം സമർപ്പിച്ചിട്ടുള്ളത് പരിശോധിച്ചു വരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# അന്വേഷണ റിപ്പോർട്ട്

കെ.എസ്.ഇ.ബി ലിമിറ്റഡ് പെരിന്തൽമണ്ണ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി ഇപ്പോൾ ജോലി നോക്കി വരുന്ന ശ്രീ.M.G.സുരേഷ് കുമാർ (Emp.Code:1045934) ടിയാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരിക്കെ മുൻ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണി അവർകളുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മന്ത്രി ഓഫീസിൽ ജോലി ചെയ്തു വരവെ 01.08.2017 മുതൽ 27.06.2020 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ BQ 2419 എന്ന വാഹനം ടിയാന്റെ സ്വകാര്യ ആവശ്യങ്ങൾക്ക് വിനിയോഗിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിന് വലിയ സാമ്പത്തിക നഷ്ടം വരുത്തിയെന്നും ആയത് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.K.K.സുരേന്ദ്രൻ, കണ്ണാളത്ത് ഹൗസ്, ചിറ്റൂർ.പി.ഒ, പാലക്കാട് എന്നയാൾ കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് പരാതി നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിന്മേൽ പരാതിയിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശാനുസരണം ഡയറക്ടർ (ഫിനാൻസ്) കെ.എസ്.ഇ.ബി ലിമിറ്റഡ് ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിക്കുകയും അത്തരത്തിൽ ശ്രീ.M.G.സുരേഷ് കുമാർ ബഹുമാനപ്പെട്ട മുൻ വൈദ്യുതി വകുപ്പ് മന്ത്രിയുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ആയിരുന്ന 01.08.2017 മുതൽ 27.06.2022 വരെ മേൽപറഞ്ഞ KL01 BQ 2419 എന്ന വാഹനം ടിയാന്റെ നിയന്ത്രണത്തിലായിരുന്നുവെന്നും ഇക്കാലയളവിൽ അനധികൃതമായി ടിയാന്റെ സ്വകാര്യ ആവശ്യത്തിന് പ്രസ്തുത വാഹനം ഉപയോഗിക്കുക വഴി കെ.എസ്.ഇ.ബി ലിമിറ്റഡിന് 6,72,560/- രൂപയുടെ സാമ്പത്തിക നഷ്ടം വരുത്തിയതായും ആയത് ടിയാൻ കെ.എസ്.ഇ.ബി ലിമിറ്റഡിൽ ഒടുക്കിയിട്ടില്ലായെന്നും കണ്ടെത്തുകയുണ്ടായി.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന് ടിയാൻ വരുത്തിയ സാമ്പത്തിക നഷ്ടമായ 6,72,560/- രൂപ ബോർഡിൽ അടയ്ക്കണമെന്ന് കാണിച്ച് ടിയാന് 19.04.2022 തിയതിയിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നോട്ടീസ് നൽകിയിട്ടുള്ളതാണ്.

തുടർനടപടികൾ നടന്നു വരുന്നു.

Senior Superintendent &
Public Information ...
of the Chief Vigilance ...

സെക്ഷൻ ഓഫീസർ